# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6253

08-07-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം പദ്ധതിക്കെതിരെയുള്ള വ്യാജപരാതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ് :<br>ശ്രീ. കോവൂർ കുഞ്ഞുമോൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കെതിരെ കേന്ദ്ര സർക്കാരിന്റെ വിവിധ വകുപ്പുകളിലേക്ക് കേരളത്തിൽ നിന്നും പരാതികളയച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവരുടെ പേരു വിവരം നൽകുമോ ; | (എ) ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് അന്തിമ പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു മുമ്പ് കേന്ദ്ര സർക്കാരിന് പരാതികൾ നൽകിയവരുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കൂടാതെ പാരിസ്ഥിതിക അനുമതി ലഭിച്ചതിനു ശേഷം പദ്ധതിയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) നൽകരുതെന്ന് കാട്ടി ശ്രീ.എ.ജോസഫ് വിജയൻ, (മൈത്രി 41, ആശാൻ നഗർ, തിരുവനന്തപുരം - 695008) എന്ന ആൾ പ്രധാനമന്ത്രിയ്ക്കും കേന്ദ്ര ധനകാര്യ മന്ത്രിക്കും നിവേദനം നൽകിയിട്ടുണ്ട്. |
| (ബി) യഥാർത്ഥ ആളുകൾ അറിയാതെയാണ് പരാതി സമർപ്പിക്കപ്പെട്ടതെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു മുമ്പ് സതീഷ്കുമാർ എന്ന വ്യക്തിയുടെ നേതൃത്വത്തിൽ ഒരു കൂട്ടം പ്രദേശവാസികൾ ഒപ്പിട്ട് കേന്ദ്രത്തിന് നൽകിയ പരാതി, അവർ അറിയാതെയാണ് പരാതി സമർപ്പിക്കപ്പെട്ടതെന്ന ചില മാധ്യമങ്ങളിലെ വെളിപ്പെടുത്തലുകളും റിപ്പോർട്ടുകളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (സി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; വ്യക്തമാക്കുമോ;<br>(ഡി) പരാതികളുടെ യഥാർത്ഥ വസ്തുത കേന്ദ്രസർക്കാരിനെ ബോധ്യപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (സി) യും (ഡി) യും പാരിസ്ഥിതിക അനുമതി ലഭിക്കുന്നതിനു മുമ്പ് ലഭിച്ച പരാതികൾക്ക് വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് / സർക്കാർ നൽകിയ വിശദീകരണം പരിഗണിച്ചിട്ടാണ് വനം - പരിസ്ഥിതി മന്ത്രാലയം പദ്ധതിയ്ക്ക് 2014 ജനുവരി 3-ാം തീയതി അന്തിമ പാരിസ്ഥിതികാനുമതി നൽകിയിട്ടുള്ളത്.<br>പാരിസ്ഥിതികാനുമതിക്കെതിരെ ദേശീയ ഹരിത ട്രൈബ്യൂണലിൽ നിലവിലുള്ള 2 കേസുകളിൽ അനുയോജ്യമായ വിധി നേടിയെടുക്കുവാൻ വിഴിഞ്ഞം ഇന്റർനാഷണൽ |

സീപോർട്ട് ലിമിറ്റഡും / സർക്കാരും എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പാരിസ്ഥിതികാനുമതിക്ക് ശേഷം പദ്ധതിയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (VGF) നൽകരുതെന്ന് കാണിച്ച് സമർപ്പിച്ച പരാതിയിൻമേൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനി കേന്ദ്ര സർക്കാരിന് മറുപടി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

തിരുവനന്തപുരം

W-6253
8/7/14

**Petitioners who submitted petitions before Expert Appraisal Committee (EAC) ,MoEF during appraisal process**

| SL. NO | LIST |
|---|---|
| 1 | Commander John Jacob Puthur<br>Indian Navy (Retired)<br>On behalf of Centre for Fisheries Studies, Coastal Watch and Kerala Swathanthra Thozhilali Matsya Federation. |
| 2 | Cyriac Kodath, Vice President, Exnora International, Belhaven Gardens, Thiruvananthapuram |
| 3 | G. Sudhiesh Kumar, Thiruvananthapuram District President, Kerala Hotel and Restaurants Association |
| 4 | Chacko Paul, MD, The Travancore Heritage, A unit of Joy's The Beach Resort Pvt. Limited |
| 5 | Farook Shah, President, Kashmir Handicrafts Traders Association, Thiruvananthapuram |
| 6 | South Kerala Hoteliers Forum, Kerala Hotel and Restaurant Association (31 beach resorts) |
| 7 | Fr. Anto Joris, Parish Priest and Chairperson, Parish Council & Mr. Jaglin, Parish Secretary, ST. Thomas Church, Poonthura, Thiruvananthapuram, Kerala |
| 8 | Fr. Mathias Oliver, Director, Centre for fisheries studies, TVM |
| 9 | Benjamin Fernandez, Secretary, Coastal Watch, TC-34/1169,Sreechithra Nagar-F-210,Kochuthope,Vallakadavu post,Trivandrum-008 |
| 10 | Dr. Baby Mathew, M.D, Somatheeram Ayurvedic Beach Resort |
| 11 | A Joseph Vijayan, Mythri 41, Aashan Nagar, Trivandrum-008 |
| 12 | Satish Kumar, Elanjikal Vilakam Veedu, Mulloor PO, Vizhinjam-695521 |

(signature)
സെക്രട്ടറി ഡയറക്ടർ